# ആമുഖം

ഭാഷാശാസ്ത്രം, സാഹിത്യം, ബോട്ടണി, ചലച്ചിത്രപഠനം, സംസ്കാരപഠനം എന്നിങ്ങനെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പുതിയ അന്വേഷണങ്ങളാണ് Academic Research and Review Letters - ന്റെ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സക്കറിയയുടെ 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ' എന്ന കഥയെ അടിസ്ഥാനമാക്കി അപരനിർമിതിയുടെ സങ്കല്പനബോധങ്ങൾ അതിലെ കഥാപാത്രമായ തവളയിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അന്വേഷിക്കുന്നതാണ് അപരനിർമിതിയുടെ സങ്കല്പനരൂപങ്ങൾ 'പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങ'ളിൽ എന്ന പ്രബന്ധം. കഥയിലൂടെ സാധ്യമായ/സാധ്യമാവാത്ത ആത്മബോധത്തിന്റെ സംഘർഷങ്ങളിൽനിന്ന് അപരനിർമിതിയുടെ സങ്കല്പനമാനങ്ങളെ വേർതിരിച്ചെടുക്കാനാണ് ഗവേഷകൻ ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

ജോൺ കീറ്റ്സിന്റെ 'Odd to a Nightingale' എന്ന കവിതയ്ക്ക് സുഗതകുമാരി ചെയ്ത വിവർത്തനമാണ് 'രാപ്പാടിയോട്'. സമാന ചിന്തയും സഹൃദയത്വവും പുലർത്തുമ്പോഴും സുഗതകുമാരിയുടെ വിവർത്തനത്തിൽ ഒളിഞ്ഞിരിക്കുന്ന സ്ത്രീപക്ഷചിന്തകളെ വേർതിരിച്ചെടുക്കുന്നതാണ് 'സ്ത്രൈണചാരുതയും താദാത്മീകരണവും' - എന്ന പ്രബന്ധം.

മത, സംസ്കാര സ്വാധീനങ്ങൾക്ക് വഴങ്ങിയുള്ള ഭിന്നശേഷി അടയാളപ്പെടുത്തലുകൾ പൊതുബോധ നിർമ്മിതിയിൽ വിവിധ കാലങ്ങളിൽ രൂപപ്പെട്ടു വന്നിട്ടുണ്ട്. 'ഭിന്നശേഷി : കടുവ സിനിമയുടെ അരികുകാഴ്ചകളും ക്രൈസ്തവദൈവശാസ്ത്ര സ്വാധീനവും' - എന്ന പ്രബന്ധം പഠനവിധേയമാക്കുന്നത് കടുവ എന്ന സിനിമയിലെ ഭിന്നശേഷി വിവാദത്തിന് തിരികൊളുത്തിയ സംഭാഷണങ്ങൾക്കും ക്രൈസ്തവദൈവശാസ്ത്ര ഇടപെടലുകളും തമ്മിലുള്ള ബന്ധമാണ്.

തിരുവനന്തപുരം ജില്ലയിലെ പ്രാദേശികഭേദങ്ങളിൽനിന്നും മലയോര മേഖലയിലെ കാണി സമുദായത്തിൽ പ്രചാരത്തിലുള്ള ഭാഷാഭേദങ്ങളെ സാമൂഹികഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണ് 'കാണിക്കാരുടെ മലയോര ഭാഷാഭേദങ്ങൾ' - എന്ന പ്രബന്ധം.

സവർണ-വരേണ്യ ബോധത്തെ പിൻപറ്റുന്ന മലയാളത്തിലെ നോവൽ സാഹിത്യ ചരിത്രങ്ങൾ ജനപ്രിയനോവലുകളെ എങ്ങനെയാണ് അഭിമുഖീകരിച്ചതെന്നും അടയാളപ്പെടുത്തിയതെന്നുമുള്ള അന്വേഷണമാണ് 'മലയാളജനപ്രിയനോവലും സാഹിത്യചരിത്രങ്ങളും - ചില പുനരാലോചനകൾ'- എന്ന പ്രബന്ധം നിർവഹിക്കുന്നത്.

നൂതന സാങ്കേതികവിദ്യകളുടെ വികാസം കാർഷികവിളകളുടെ ഉത്പാദനത്തെ എങ്ങനെയെല്ലാം ബാധിക്കുന്നുവെന്ന് കൂൺകൃഷി ഉദാഹരണമായെടുത്ത് വിശകലനം ചെയ്യുകയാണ് 'കൂൺകൃഷി - നൂതനസാങ്കേതിക വൈദഗ്ദ്ധ്യ പരിസരലോകത്തിൽ' - എന്ന പ്രബന്ധത്തിൽ. വിളകളുടെ ഉല്പാദനം, പുനരുല്പാദനം, രോഗ പ്രതിരോധശേഷി വർധിപ്പിക്കൽ, രാസവസ്തുക്കളുടെ ഉപയോഗം കുറയ്ക്കൽ, വിപണനം എന്നിങ്ങനെ കൃഷിയുടെ എല്ലാ തലങ്ങളിലും സാങ്കേതിക വിദ്യ ഏറെ പ്രയോജനപ്പെടുന്നുണ്ടെന്ന് പ്രബന്ധം വസ്തുനിഷ്ഠമായി സ്ഥാപിക്കുന്നു.

'നാട്ടിൻപുറത്തിന്റെ നാൾവഴികൾ എം.ടി. കഥകളിൽ' എന്ന പ്രബന്ധത്തിൽ എം.ടിയുടെ കഥകളെ ഗ്രാമത്തിലേക്ക് തിരിച്ചുവരുന്ന യാത്രകളും ഗ്രാമത്തിൽനിന്ന് അകന്നുപോകുന്ന യാത്രകളുമായി വർഗീകരിച്ചുകൊണ്ട് ആ കഥകളിൽ കൂടല്ലൂർ എന്ന ഗ്രാമം എങ്ങനെ അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു എന്ന് അന്വേഷിക്കുകയാണ്.

അക്കാദമിക സമൂഹത്തിന്റെ വിലയിരുത്തലുകൾക്കായി 2023 ജൂലൈ ലക്കം സമർപ്പിക്കുന്നു.

**ഡോ. മുഹമ്മദ് റഫീഖ് ടി.**
ചീഫ് എഡിറ്റർ

**ഡോ. മുഹമ്മദ് ബഷീർ കെ.കെ.**
ഇഷ്യൂ എഡിറ്റർ


ISSN: 2582 - 2594